സംസാരശേഷി അല്ലാഹു ﷻ മനുഷ്യന് നൽകിയ വലിയ ഒരു അനുഗ്രഹമാണ്. സംസാരിക്കാൻ കഴിയാത്തവരേയും വിക്കോടുകൂടി സംസാരിക്കുന്നവരേയും കാണുമ്പോൾ ഈ അനുഗ്രഹം നമുക്ക് ബോധ്യമാകും. എല്ലില്ലാത്ത ഒരു കഷ്ണം മാംസം കൊണ്ട് കോടി കണക്കായ മനുഷ്യർ അനേകായിരം ഭാഷകൾ സംസാരിക്കുന്നു. അല്ലാഹു ﷻ പറയുന്നു: ﴾അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവനെ അവൻ സംസാരിക്കാൻ പഠിപ്പിച്ചു.﴿ (വി ക്വു: 55: 3,4)

﴾ അവന് നാം രണ്ട് കണ്ണുകൾ ഉണ്ടാക്കി കൊടുത്തിട്ടില്ലേ? ഒരു നാവും രണ്ടു ചുണ്ടുകളും തെളിഞ്ഞു നിൽക്കുന്ന രണ്ടു പാതകൾ അവന്നു നാം കാട്ടികൊടുക്കുകയും ചെയ്തിരിക്കുന്നു﴿.( വി ക്വു: 90: 8..10)

﴾ആകാശഭൂമികളുടെ സൃഷ്ടിയും, നിങ്ങളുടെ ഭാഷകളിലും വർണ്ണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്﴿. (വി ക്വു: 30:22)

മഹാനായ കലീമുല്ലാഹി മൂസാ ﵇ മിനുപോലും സംസാരിക്കുമ്പോൾ ചില പ്രയാസങ്ങൾ ഉണ്ടായിരുന്നതായി ക്വുർആൻ പറയുന്നു. ﴾എന്റെ സഹോദരൻ ഹാറൂൻ എന്നെക്കാൾ വ്യക്തമായി സംസാരിക്കാൻ കഴിവുള്ളവനാകുന്നു. അതുകൊണ്ട് എന്നോടൊപ്പം എന്റെ സത്യത സ്ഥാപിക്കുന്ന ഒരു സഹായിയായി കൊണ്ട് അവനെ നീ നിയോഗിക്കേണമേ. അവർ എന്നെ നിഷേധിച്ച് കളയുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു﴿.(വി ക്വു: 28: 34)

ഈ അനുഗ്രഹങ്ങളെല്ലാം ഏത് മാർഗ്ഗത്തിൽ ചിലവഴിച്ചു എന്നതിന് നാം കൃത്യമായി മറുപടി പറയേണ്ടി വരും. അല്ലാഹു ﷻ പറയുന്നു: ﴾നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്. ﴿ (വി ക്വു:17:36)

﴾പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെപറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും﴿ (വി ക്വു :102:8)

നമ്മുടെ രഹസ്യവും പരസ്യവുമായ സർവ്വ സംസാരങ്ങളും അല്ലാഹു അറിയുകയും മലക്കുകൾ അത് രേഖപ്പെടുത്തുകയും ചെയ്യുന്നു. അല്ലാഹു ﷻ പറയുന്നു: ﴾അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല.﴿ (വി ക്വു:50:18)

﴾ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു അറിയുന്നുണ്ടെന്ന് നീ കാണുന്നില്ലേ? മൂന്നു പേർ തമ്മിലുള്ള യാതൊരു രഹസ്യസംഭാഷണവും അവൻ (അല്ലാഹു) അവർക്കു നാലാമനായി കൊണ്ടല്ലാതെ ഉണ്ടാവുകയില്ല. അഞ്ചുപേരുടെ സംഭാഷണമാണെങ്കിൽ അവൻ അവർക്കു ആറാമനായികൊണ്ടുമല്ലാതെ. അതിനെക്കാൾ കുറഞ്ഞവരുടെയോ, കൂടിയവരുടെയോ (സംഭാഷണം) ആണെങ്കിൽ അവർ എവിടെയായിരുന്നാലും അവൻ അവരോടൊപ്പമുണ്ടായിട്ടല്ലാതെ. പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ, അവർ പ്രവർത്തിച്ചതിനെപ്പറ്റി അവരെ അവൻ വിവരമറിയിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെ പറ്റിയും അറിവുള്ളവനാകുന്നു.﴿ (വി ക്വു: 58:7)

﴾തീർച്ചയായും നിങ്ങളുടെ മേൽ ചില മേൽനോട്ടക്കാരുണ്ട്. രേഖപ്പെടുത്തിവെക്കുന്ന ചില മാന്യൻമാർ. നിങ്ങൾ പ്രവർത്തിക്കുന്നത് അവർ അറിയുന്നു﴿. (വി ക്വു: 82; 10,11,12)

മരണാനന്തര ജീവിതത്തിൽ വിശസിക്കുന്ന സഹോദരാ, അല്ലാഹുവിന്റെ അനുഗ്രഹത്തിന് നീ നന്ദികേട് ചെയ്യുന്നവരാകരുത്. ഇരുതല മൂർച്ചയുള്ള ആയുധമാണ് നാവ്. ദിക്റ്, സ്വലാത്, ക്വുർആൻ പാരായണം, സദുപദേശം, ദുആ.. തുടങ്ങിയ മാർഗ്ഗങ്ങളിൽ നാവ് ഉപയോഗപ്പെടുത്തി അതു വഴി സ്വർഗ്ഗപ്രവേശനത്തിന് സാധ്യമാക്കുവാൻ കഴിയും. അപ്രകാരം തന്നെ എത്രയെത്ര കുടുംബങ്ങളേയും കൂട്ടുകാരേയും ഭാര്യ ഭർത്താക്കന്മാരേയുമാണ് അത് പിണക്കുകയും ഹൃദയത്തിൽ കോപാഗ്നി ആളിക്കത്തിക്കുകയും ചെയ്തത്. ഏഷണി, പരദൂഷണം, കളവ് തുടങ്ങിയ ധാരാളം രോഗങ്ങൾ നാവിലൂടെയാണ് ഉണ്ടാകുന്നത്. നാവിന്റെ ദുരുപയോഗം മനുഷ്യനെ ജഹന്നമിലേക്ക് കൊണ്ടെത്തിക്കുന്നു. അതിനെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് വന്ന ചില പ്രവാചക വചനങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

നബി ﷺ പറഞ്ഞു: “തന്റെ നാവിന്റെയും കൈയ്യിന്റെയും ഉപദ്രവത്തിൽനിന്നും മറ്റ് മുസ്‌ലിംകൾ രക്ഷപ്പെടുമ്പോഴാണ് ഒരാൾ യഥാർത്ഥ മുസ്‌ലിമായി തീരുക”. (ബുഖാരി)

നബി ﷺ പറഞ്ഞു: “ഒരു മുസ്‌ലിമായ മനുഷ്യന്റെ നന്മയിൽപെ

ട്ടതാണ് അവനെ ബാധിക്കാത്ത വിഷയത്തിൽനിന്നും ഒഴിഞ്ഞു നിൽക്കുക എന്നത്". (തിർമിദി)

നബിﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ലത് പറയട്ടെ അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ".(ബുഖാരി)

നബി ﷺ മുആദ് ഇബ്നു ജബൽ ؓവിനോട് പറഞ്ഞു: "ഓ മുആദ് ജനങ്ങൾ നരകാഗ്നിയിൽ മുഖം കുത്തി വീഴുന്നത് അവരുടെ നാവുകൾ കൊയ്തെടുക്കുന്നതുകൊണ്ടല്ലാതെ മറ്റെന്തു കൊണ്ടാണ്!"(തിർമിദി)

നബിﷺ സ്വഹാബിമാരോട് ചോദിച്ചു: "പാപ്പരായവൻ ആരാണെന്ന് നിങ്ങൾക്കറിയുമോ? അവർ പറഞ്ഞു: തിരുദൂതരേ കാശും ചരക്കുകളും ഇല്ലാത്തവനാണ് ഞങ്ങളുടെ കൂട്ടത്തിൽ പാപ്പരായവൻ. തിരുമേനിﷺ പറഞ്ഞു: എന്റെ സമുദായത്തിലെ പാപ്പരായവൻ അന്ത്യനാളിൽ നമസ്കാരം നോമ്പ്, സകാത്ത് എന്നീ ആരാധനകളുമായി വരുന്നവനാണ് അതോടൊപ്പം അവൻ ഇവനെ അസഭ്യം പറഞ്ഞിരിക്കും ഇന്നവനെ സംബന്ധിച്ച് വ്യാജാരോപണം നടത്തിയിരിക്കും, മറ്റൊരുത്തന്റെ ധനം (അന്യായമായി) തിന്നിരിക്കും മറ്റൊരുത്തന്റെ രക്തം ചിന്തിയിരിക്കും, അങ്ങിനെ അവനിൽ നിന്നും പ്രതികാര നടപടി എടുക്കുകയും അവന്റെ നന്മകൾ മറ്റുള്ളവർക്ക് വീതിച്ചുകൊടുക്കുകയും ചെയ്യുന്നു. അതുകൊണ്ടും സമമായില്ലെങ്കിൽ ഇയാൾ ആരെയാണോ അക്രമിച്ചത് അവരുടെ തിന്മകൾ ഇയാൾക്ക് ഇട്ടുകൊടുക്കുകയും ശേഷം നരകത്തിലേക്ക് എടുത്തെറിയപ്പെടുകയും ചെയ്യുന്നു" (അഹ്മദ്)

നബിﷺ പറഞ്ഞു: "രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതും രണ്ട് കാലുകൾക്കിടയിലുള്ളതും (അനാവശ്യമായി ഉപയോഗിക്കുകയില്ല എന്ന്) ആര് എനിക്ക് ജാമ്യം നൽകുന്നുവോ അവന് ഞാൻ സ്വർഗ്ഗത്തിന് ജാമ്യം നിൽക്കാം". (ബുഖാരി)

നബിﷺ പറഞ്ഞു: "തീർച്ചയായും ഒരു അടിമ ഒരു വാക്ക് ഉച്ചരിക്കും അതിലുള്ള(തിന്മ)ത് അവൻ അറിഞ്ഞിരിക്കുകയില്ല അതുമൂലം കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ദൂരത്തേക്കാൾ (അഗാതമായ) നരകാഗ്നിയിൽ അവൻ വീഴും (അഹ്മദ്)

സുഫ്യാൻ ഇബ്നു അബ്ദില്ല ؓ പ്രവാചകൻﷺ യോട് ചോദിച്ചു: താങ്കൾ എന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് എന്താണ്? തിരുമേനിﷺ അവിടത്തെ നാവ് പിടിച്ചുകൊണ്ട് പറഞ്ഞു: ഇതാണ്" (തിർമിദി)

നബിﷺ പറഞ്ഞു "ജനങ്ങളോട് സംസാരിക്കുകയും ശേഷം അവരെ ചിരിപ്പിക്കുവാനായി കളവ് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം അവർക്കാണ് നാശം അവർക്കാണ് നാശം" (അബൂദാവൂദ്)

അബൂ സഈദ് അൽഖുദ്രിയി ؓ വിൽനിന്നും മർഫൂആയി നിവേദനം. തിരുമേനി പറഞ്ഞു: ആദം സന്തതി പ്രഭാതത്തിലായാൽ എല്ലാ അവയവങ്ങളും നാവിന് കീഴ്പ്പെടുകയും ഇപ്രകാരം പറയുകയും ചെയ്യും. ഞങ്ങളുടെ കാര്യത്തിൽ നീ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും ഞങ്ങൾ നിനെക്കൊണ്ടാണ് (വളയുന്നതും നേരാകുന്നതും) നീ നേരെചൊവ്വെയായാൽ ഞങ്ങളും നേരാകും നീ വളഞ്ഞാൽ ഞങ്ങളും വളയും (തിർമിദി)

അല്ലാഹുﷻ പറയുന്നു:

﴾പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമ്മനിഷ്ഠ പാലിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്) അനുനയ സ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞു കൊള്ളുക.﴿ (അഹ്സാബ്: 32)

അല്ലാഹുﷻ പറയുന്നു:

﴾സത്യവിശ്വാസികളേ, ഒരു ജനവിഭാഗം മറ്റൊരു ജനവിഭാഗത്തെ പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്നവർ) അവരെക്കാൾ നല്ലവരായിരുന്നേക്കാം. ഒരു വിഭാഗം സ്ത്രീകൾ മറ്റൊരു വിഭാഗം സ്ത്രീകളെയും പരിഹസിക്കരുത്. ഇവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) മറ്റവരെക്കാൾ നല്ലവരായിരുന്നേക്കാം. നിങ്ങൾ അന്യോന്യം കുത്തുവാക്ക് പറയരുത്. നിങ്ങൾ പരിഹാസപേരുകൾ വിളിച്ച് പരസ്പരം അപമാനിക്കുകയും ചെയ്യരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനു ശേഷം അധാർമ്മികമായ പേര് (വിളിക്കുന്നത്) എത്ര ചീത്ത! വല്ലവനും പശ്ചാത്തപിക്കാത്ത പക്ഷം അത്തരക്കാർ തന്നെയാകുന്നു അക്രമികൾ. സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചു കിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.﴿(വിശുദ്ധ: 49: 11,12)

നബിﷺ യുടെ ഒരു പ്രാർത്ഥന ഇപ്രകാരമാണ്

رَبِّ أَعِنِّي وَلاَ تُعِنْ عَلَيَّ وَانْصُرْنِي وَلاَ تَنْصُرْ عَلَيَّ وَامْكُرْ لِي وَلاَ تَمْكُرْ عَلَيَّ وَاهْدِنِي وَيَسِّرْ هُدَايَ إِلَيَّ وَانْصُرْنِي عَلَى مَنْ بَغَى عَلَيَّ اللَّهُمَّ اجْعَلْنِي لَكَ شَاكِرًا لَكَ ذَاكِرًا لَكَ رَاهِبًا لَكَ مِطْوَاعًا إِلَيْكَ مُخْبِتًا أَوْ مُنِيبًا رَبِّ تَقَبَّلْ تَوْبَتِي وَاغْسِلْ حَوْبَتِي وَأَجِبْ دَعْوَتِي وَثَبِّتْ حُجَّتِي وَاهْدِ قَلْبِي وَسَدِّدْ لِسَانِي وَاسْلُلْ سَخِيمَةَ قَلْبِي -أبوداود

രക്ഷിതാവേ, നീ എന്നെ സഹായിക്കേണമേ എനിക്കെതിരിൽ സഹായിക്കരുതേ, എനിക്ക് നീ ഉപായം നൽകേണമേ എനിക്കെതിരിൽ ഉപായം നൽകരുതേ, എന്നെ നീ സൻമാർഗ്ഗത്തിലാക്കുകയും അതിനെ എളുപ്പമാക്കുകയും ചെയ്യേണമേ, എന്നെ അക്രമിച്ചവനെതിരിൽ നീ എന്നെ സഹായിക്കേണമേ, അല്ലാഹുവേ, എന്നെ നീ, നിനക്ക് മാത്രം ഏറ്റവും കൂടുതൽ നന്ദി ചെയ്യുന്നവനും നിന്നെ മാത്രം കൂടുതൽ ഓർക്കുന്നവനും നിനെ മാത്രം കൂടുതൽ ഭയപ്പെടുന്നവനും നിന്നെ മാത്രം കൂടുതൽ അനുസരിക്കുന്നവനും നിനിലേക്ക് വിനയം കാണിക്കുന്നവനും അല്ലെങ്കിൽ പശ്ചാത്തപിച്ച് മടങ്ങുന്നവനുമാക്കേണമേ, റബ്ബേ നീ എന്റെ തൗബ സ്വീകരിക്കേണമേ, എന്റെ പാപങ്ങൾ കഴുകി കളയേണമേ, എന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകേണമേ, എന്റെ തെളിവുകൾ ബലപ്പെടുത്തേണമേ, എന്റെ ഹൃദയത്തിന് മാർഗദർശനം നൽകേണമേ, എന്റെ നാവിനെ നേരെയാക്കേണമേ, എന്റെ ഹൃദയത്തിലെ പക നീ നീക്കം ചെയ്യേണമേ, (അബൂദാവൂദ്)

وصلى الله على نبينا محمد وعلى آله وصحبه أجمعين